# ST JAMES UPS KARUVATTA



# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025 - 2026

# ST JAMES UP SCHOOL

## KARUVATTA

| | |
|---|---|
| REVENUE VILLAGE | KUMARAPURAM WARD 8 |
| CLUSTER [CRC] | KUMARAPURAM LPGS , KARUVATTA |
| PANCHAYATH | KARUVATTA |
| BLOCK | HARIPPAD |
| DISTRICT | ALAPPUZHA |
| HEADMISTRESS | ELIZABETH GREETA C |
| PHONE NO | 9048726513 |

ST. JAMES UPS School Code 35343 KARUVATTA-690517

ELIZABETH GREETA.C
HEADMISTRESS
ST. JAMES UPS
KARUVATTA - 690517
PEN: 628132

# ഉള്ളടക്കം


* ആമുഖം
* കാഴ്ചപ്പാട്
* പൊതുലക്ഷ്യങ്ങൾ
* അക്കാദമിക പ്രവർത്തനങ്ങൾ
* പ്രവർത്തന വിശദാംശം
* അവലോകനം
* ഉപസംഹാരം

# ആമുഖം

കരുവാറ്റാ ഗ്രാമപഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിൽ മെച്ചപ്പെട്ട നിലവാരം പുലർത്തുന്ന വിദ്യാലയമായ സെന്റ് ജെയിംസ് യു.പി.എസ്. വരും വർഷങ്ങളിൽ കൂടുതൽ മികവ് നേടുവാനും മുൻനിരയിൽ എത്തുവാനും ആഗ്രഹിക്കുന്നു. അന്തരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യായലത്തെ ഉയർത്തുന്ന തിന്റെ ഭാഗമായി സ്മാർട്ട് ക്ലാസ്റൂം സ്കൂളുകളിൽ ഉണ്ടാകണം. കൂടാതെ ഭാഷാ വിഷയങ്ങൾ കൂടു തൽ കാര്യപ്രാപ്തി യോടെ കൈകാര്യം ചെയ്യുവാൻ കുട്ടികളെ പ്രാപ്തരാക്കുക, കലാകായിക മേഖലകളിൽ താൽപ്പര്യമുള്ള കുട്ടികൾക്ക് വേണ്ടത്ര പരിശീലനം നൽകി പ്രസ്തുത തലത്തിലേക്കു കുട്ടികളെ എത്തിക്കുവാനും ഞങ്ങൾ ആഗ്രഹിക്കുന്നു.

ശാസ്ത്രലോകത്തേക്കുള്ള കുതിപ്പിൽ കുട്ടികളുടെ പങ്കാളിത്തം വളരെ പ്രാധാന്യമർഹിക്കുന്നു. അതിനായി മെച്ചപ്പെട്ട ശാസ്ത്ര പരീക്ഷണ സൗകര്യങ്ങൾ ഉൾപ്പെടുന്ന ഒരു ലാബ്-ആധുനിക രീതിയിൽ ഉണ്ടാകണമെന്നും ആഗ്രഹിക്കുന്നു. സമൂഹത്തോട് കടപ്പാടും, ഉത്തരവാദിത്വവുമുള്ള ഉത്തമ പൗരന്മാരായി കുട്ടികളെ വാർത്തെടുക്കുവാൻ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് സാധിക്കുമെന്നതിൽ സംശയമില്ല. തങ്ങളുടേതായ കഴിവുകൾ സമൂഹത്തിന് പ്രയോജനം ചെയ്യുന്ന രീതിയിൽ ഉപയോഗിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിന് ഇത്തരത്തിലുള്ള കർമ്മപരിപാടികൾ പ്രയോജനപ്പെടുത്താനും, ലക്ഷ്യങ്ങൾ പ്രാബല്യത്തിൽ എത്തിക്കുവാനും ഞങ്ങൾ കഠിനമായി പരിശ്രമിക്കും.

# ചരിത്രം

ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി താലൂക്കിൽ കുമാരപുരം വില്ലേജിൽ കരുവാറ്റ പഞ്ചായത്തിൽ 1924 ൽ സെന്റ് ജെയിംസ് ഇംഗ്ലീഷ് മിഡിൽ സ്കൂൾ എന്ന പേരിലാണ് സ്ഥാപിതമായത്. ആഞ്ഞിലിവേലിൽ ശ്രീ. ഇഡിക്കുള ചാക്കോയാണ് സ്കൂൾ സ്ഥാപകനും, പ്രഥമ അധ്യാപകനും, അന്നത്തെ കാലത്ത് ഇംഗ്ലീഷ് വിദ്യാഭ്യാസം നൽകുന്ന ഏക സ്കൂളായിരുന്നു ഇത്. പല്ലന, പാണ്ടി, തൃക്കുന്നപ്പുഴ, ചെറുതന, തകഴി, തോട്ടപ്പള്ളി എന്നി ഭാഗങ്ങളിൽ നിന്നെല്ലാം കുട്ടികൾ വിദ്യാഭ്യാസത്തിനു വേണ്ടി സെന്റ് ജയിംസിൽ എത്തിയിരുന്നു. 1962-ൽ ചാക്കോ സാർ മരിക്കുകയും അദ്ദേഹത്തിന്റെ ഭാര്യ ആനിഐസക്ക് ഹെഡ്മിസ്ട്രസ് ആകുകയും ചെയ്തു.

1960 ൽ കൊല്ലം രൂപതയുടെ ബിഷപ്പായിരുന്നു റൈറ്റ്. റവ ഡോ. ജെറോം എം ഫെർണാണ്ടസ്, ശ്രീമതി ആനി. ഐസക്കിൽ നിന്നും വിലയാധാരം വഴി ഈ സ്കൂൾ ഏറ്റെടുക്കുകയും കൊല്ലം കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലാകുകയും ചെയ്തു. അന്നത്തെ കോർപ്പറേറ്റ് മനേജർ റവ. ഫാദർ ആഞ്ചലോസും ലോക്കൽ മാനേജർ റവ ഫാദർ ക്രിസ്റ്റി ഡാനിയേലും ആയിരുന്നു.

സ്കൂൾ തുടങ്ങുന്ന കാലത്ത് 4-ാം ക്ലാസ്സ് കഴിഞ്ഞു വരുന്ന കുട്ടികളെ ഫസ്റ്റ് ഫോമിലേക്ക് ചേർക്കുന്നതിന് വേണ്ടി ഇംഗ്ലീഷ് പരിചയപ്പെടുത്തുന്നതിന് പ്രൈമറി വിദ്യാഭ്യാസം ഒരുവർഷം കൊടുത്തിരിന്നു. അതിനുശേഷമാണ് ഫസ്റ്റ്ഫോമിലേയ്ക്ക് ചേർക്കുന്നത്. ഫസ്റ്റ് ഫോം 5-ാം ക്ലാസ് സെക്കന്റ് ഫോം 6-ാം ക്ലാസ്സ്, തേർഡ് ഫോം 7-ാം ക്ലാസ്സ് എന്നിങ്ങനായിരുന്നു. ഇഗ്ലീഷ് വിദ്യാഭ്യാസം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തുല്യ പ്രാധാന്യത്തോടെ നൽകി. പുരോഹിത ശ്രേഷ്ഠർ, അദ്ധ്യാപകർ, ജവാൻമാർ, എൻജിനിയേഴ്സ്, നഴ്സസ് തുടങ്ങിയ നാട്ടുകാരായ പല പ്രശസ്ത വ്യക്തികളും ഈ സ്കൂളിന്റെ സംഭാവനയാണ്.

വളരെ പാവപ്പെട്ട കുടുംബത്തിൽ നിന്ന് വരുന്ന കുട്ടികളാണ്, പഠന കാര്യത്തിൽ വളരെ മികവ് പുലർത്തുന്നുണ്ട്. മാറിവരുന്ന സാമൂഹ്യ പശ്ചാത്തലത്തിനനുസരിച്ച് വിദ്യാഭ്യാസ രീതികൾക്കനുസരിച്ച് മാറ്റം നൽകാൻ അർപ്പണ മനോഭാവമുള്ള ഇവിടുത്തെ അധ്യാപകർ ശ്രമിക്കാറുണ്ട്. പുരോഹിതർ അടങ്ങിയ ഒരുവൻ അധ്യപക സമൂഹം ഇവിടെ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇവിടുത്തെ അധ്യാപകർ അർപ്പണ മനോഭാവത്തോടെ എല്ലാ കാര്യങ്ങളിലും കുട്ടികളെ കൈപിടിച്ച് നടത്തുന്നു. കരുവാറ്റയിലെ ഈ സരസ്വതിക്ഷേത്രം പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ മികവും പുലർത്തുന്നു.

വായന, കൃഷി, കലാ-കായികം എന്നി മേഖലകളിൽ കുട്ടികളെ താൽപര്യം ഉള്ളവരാക്കി മാറ്റുന്നു. കളരി തുടങ്ങിയ യോഗ ക്ലാസുകളും സ്കൂൾ സംഘടിപ്പിക്കുന്നു. കുമാരപുരം ജി. എൽ. പി. ജി. എസ്. കരുവാറ്റ, കുമാരപുരം ജി. എൽ. പി. ബി. എസ്. കരുവാറ്റ, ഇ.എ.എൽ.പി. എസ്.കഴിക്കാട്, ഗവ എൽ. പി. എസ്. കരുവാറ്റനോർത്ത്, സെന്റ്. ജോസഫ് എൽ. പി. എസ് . കരുവാറ്റ എന്നീ സ്കൂളിലെ കുട്ടികളാണ് വരുന്നത്. ദൂരെ നിന്നും വരുന്ന കുട്ടികൾക്ക് വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

## കാഴ്ചപ്പാടുകളും മികവുകളും

കരുവാറ്റ ഗ്രാമപഞ്ചായത്തിലെ പൊതുവിദ്യാലയങ്ങ ളിൽ മികച്ച നിലവാരം പുലർത്തുന്ന സെന്റ് ജെയിംസ് യു.പി. സ്കൂളി ന്റെ തുടർന്നുള്ള സുഗമമായ പ്രവർത്തനത്തിന് ഇനിയും ബാക്കി നിൽക്കുന്ന നിരവധി അത്യാവശ്യകാര്യങ്ങളുണ്ട്.

- വിദ്യാലയത്തിന്റെ ഭൗതിക അന്തരീഷം മെച്ചപ്പെടുത്തുക.
- ആധുനിക സൗകര്യങ്ങളോടുകൂടിയുള്ള ക്ലാസ്റൂം ലഭ്യമാക്കുക.
- അഡാപ്റ്റഡ് ടോയ്ലെറ്റ് സംവിധാനം
- മലയാളം, ഇംഗ്ലീഷ്, ഹിന്ദി, വിഷയാടിസ്ഥാനത്തിലുള്ള പുസ്ത കങ്ങളുടെ വിപുലമായ ശേഖരണം ഉറപ്പിക്കുക.
- വായനാമുറി അത്യാവശ്യമാണ്.
- നിലവിലുള്ള പൂന്തോട്ടം, പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം എന്നിവ ഇനിയും മെച്ചപ്പെടുത്തണം.
- ജൈവ വൈവിധ്യ പാർക്ക് അത്യാവശ്യമാണ്.
- ഇക്കോ ഫ്രണ്ട്ലി സ്കൂൾ ക്യാമ്പസ് ഉറപ്പുവരുത്തുക
- ലാപ്ടോപ്, എൽ.സി.ഡി പ്രോജക്ടുകൾ എന്നിവ ആവശ്യ മായ എണ്ണം ലഭ്യമാകണം.
- വിവരസാങ്കേതിക വിദ്യയുടെ മാസ്മരിക ലോകത്തേക്ക് എല്ലാ കുട്ടികളെയും എത്തിക്കുന്നതിനു വേണ്ടി സസുജ്ജമായ കംപ്യൂട്ടർലാബ് അത്യാവശ്യമാണ്.
- ഭാവിയിലെ കുട്ടി ശാസ്ത്രജ്ഞന്മാരെ കണ്ടെത്തുന്നതിനായി ശാസ്ത്ര, ഗണിതശാസ്ത്രലാബ് ഉറപ്പാക്കുക.
- ശലഭോദ്യാനം നിർമ്മിക്കുക
- പിറന്നാൾ മരം എന്ന പദ്ധതിക്ക് തുടക്കം കുറിക്കുക.

## മികവുകൾ

ഭാഷാവിഷയങ്ങളിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ ഉദ്ദേശിച്ചുള്ള മലയാളതിളക്കം എന്ന പ്രവർത്തനം എല്ലാ ദിവസവും സ്കൂളിൽ നടത്തിവരുന്നു. ഇതിൽ നിന്നും പ്രകടമായ മാറ്റം ഉൾക്കൊണ്ട് കുട്ടികൾ വായനയിലും എഴുത്തിലും മികവ് പുലർത്തുന്നു.

ചിട്ടയായ പരിശീലനത്തിലൂടെ കുട്ടികൾ കലോത്സവങ്ങളിൽ പങ്കെടുക്കുകയും സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്യുന്നുണ്ട്. ഇത്തവണയും വിവിധ മത്സരങ്ങളിൽ മെച്ചപ്പെട്ട ഗ്രേഡുകൾ നേടുവാൻ സാധിച്ചു.

കൃഷിടോയുള്ള ആഭിമുഖ്യം വളരെ പ്രാധാന്യമർഹിക്കുന്നു. സ്കൂൾ വളപ്പിലെ വൃക്ഷങ്ങളെപ്പറ്റിയും സസ്യങ്ങളെപ്പറ്റിയും കുട്ടികൾ ഒരു ലിസ്റ്റ് തയ്യാറാക്കുകയും സ്കൂൾ വളപ്പിൽ ഇല്ലാത്ത വൃക്ഷങ്ങളും അതിലുപരി ഔഷധ സസ്യങ്ങളും വീട്ടിൽ നിന്നും കൊണ്ടുവന്ന് സ്കൂൾ വളപ്പിൽ നടുകയും ചെയ്തു. വിഷരഹിതമായ പച്ചക്കറി എന്ന ലക്ഷ്യത്തോടെ നട്ടപച്ചക്കറി തോട്ടത്തിൽ നിന്നും ലഭ്യമാകുന്ന പച്ചക്കറി തോട്ടങ്ങളും ഇടക്കിടെ ഉച്ചഭക്ഷണത്തിനായി പ്രയോജനപ്പെടുത്തുന്നു.

ഇംഗ്ലീഷ്, മലയാളം, ഹിന്ദി ഭാഷകളിലുള്ള അസംബ്ലികൾ സ്കൂളുകളിൽ നടക്കുന്നു. പ്രസ്തുത അസംബ്ലികളിൽ വിഷയാടിസ്ഥാനത്തിലുള്ള കവി പരിചയം, വായനക്കുറിപ്പ്, പത്രപാരായണം വാക്കുകളുടെ അർത്ഥവും, വിപരീതാർത്ഥവും അത് ചേർത്ത് നിർമ്മിക്കുന്ന ഒരു വാക്യവും ഒക്കെ കുട്ടികൾ അവതരിപ്പിക്കുന്നു. ഇത്തരം അസംബ്ലിയിലൂടെ ഭാഷാ പ്രാവീണ്യം നേടുവാനും, ഉച്ചാരണ പിശകുകൾ കൂടാതെ ഭാഷ കൈകാര്യം ചെയ്യുവാനുള്ള പ്രാപ്തി ഓരോ കുട്ടിയും നേടുന്നു.

വിവരസാങ്കേതിക വിദ്യയുടെ പ്രാധാന്യത്തെപ്പറ്റി പറയേണ്ടതില്ലല്ലോ? കൃത്യമായ കംപ്യൂട്ടർ പഠനത്തിലൂടെ പ്രോജക്ടുകളും അസൈൻമെന്റുകളും കൂടുതൽ കാര്യക്ഷമതയോടും അർത്ഥസമ്പുഷ്ടമായും ചെയ്യുവാനും പ്രത്യേകിച്ച് സയൻസ്, ചരിത്രം തുടങ്ങിയ വിഷയങ്ങളിൽ പ്രാവീണ്യം നേടുവാനും സാധിക്കുന്നു. കംപ്യൂട്ടർ പഠനത്തിനുമാത്രമായി ഒരു മുറിയും ഒരു അദ്ധ്യാപികയും കുട്ടികൾക്ക് കൂടുതൽ കാര്യങ്ങൾ ഗ്രഹിക്കുവാനും സംശയ നിവാരണത്തിനുമുള്ള അവസരം നൽകുന്നു.

മനുഷ്യനെ അറിവുമായി ബന്ധിപ്പിച്ചിരിക്കുന്ന കണ്ണിയാണ് വായന. വായനയുടെ ഹൃദ്യമായ ലോകത്തേക്ക് കുട്ടികളെ നയിക്കുന്നതിനാവശ്യമായ ഒരു ലൈബ്രറി ഇവിടെയുണ്ട്. ഇതുവഴി പുസ്തകങ്ങൾ കൃത്യമായി വിതരണം ചെയ്യുകയും മാത്രമല്ല, വായിച്ചപുസ്തകങ്ങളെക്കുറിച്ചുള്ള അവരുടെ ഉൾക്കാഴ്ചയും, നിഗമനങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് തൊട്ടടുത്ത ദിവസത്തെ അസംബ്ലിയിൽ വായനക്കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കാനും അവർ താൽപ്പര്യം കാണിക്കുന്നു. ഇതിന്റെ ഫലമെന്നോണം മലയാള മനോരമയുടെ ബാലജനസഖ്യം അർത്ഥസമ്പുഷ്ടമായ ഏതാനും പുസ്തകങ്ങൾ സ്കൂളിന് നൽകുകയുണ്ടായി.

വിഷയാടിസ്ഥാനത്തിൽ രൂപീകൃതമായ ക്ലബ്ബുകൾ മാസത്തിൽ രണ്ട് തവണ ഒന്നിച്ച് കൂടുകയും പാഠ്യപാഠ്യേതര പ്രവർത്തനങ്ങളും വിശകലനവും നടത്തി പുതിയ നിഗമനങ്ങളിലേക്ക് എത്തിച്ചേരുവാനും സഹായിക്കുന്നു. ഇത്തരം പ്രവർത്തനങ്ങൾ കുട്ടികളിലെ അടിസ്ഥാനശേഷി വികസിപ്പിക്കുന്നതിന് പ്രധാന പങ്ക് വഹിക്കുന്നു.

സാധാരണയായി വിദ്യാലയങ്ങളിൽ കണ്ടുവരുന്ന സ്ഥല പരിമിതിയോ പ്രശ്നങ്ങളോ ഇവിടെയില്ല. വളരെ വിശാലമായ ചുറ്റുമതിലോടുകൂടിയ ഗ്രൗണ്ട് ഇവിടുത്തെ മാത്രം പ്രത്യേകത യാണ്. നാഷണൽ ഹൈവേയ്ക്ക് തൊട്ടടുത്ത് സ്ഥിതി ചെയ്യുന്നതി നാൽ ഗതാഗതാ സൗകര്യത്തിന് ബുദ്ധിമുട്ടില്ല.

ശുചിത്വത്തിന്റെ കാര്യത്തിൽ ഈ വിദ്യാലയം ബഹുദൂരം മുന്നിലാണ്. പ്ലാസ്റ്റിക് നിർമ്മാർജ്ജനം ,വിദ്യാലയത്തിന്റെ ജലല ഭ്യതയോടെ കൂടിയ ശുചിമുറികൾ സ്കൂളിൽ നിന്നും നിശ്ചിത അകലത്തിലാണ് തന്നെയാണ് സ്ഥിതി ചെയ്യുന്നത്. ക്ലാസ് മുറി കളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനായി ടംബ്ലറുകളിൽ ശേഖ രിച്ച് അതാത് ക്ലാസുകളിൽ ലഭ്യമാക്കുന്നു.

ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികളും പഠിക്കുന്ന ഈ വിദ്യാലയത്തിൽ അധ്യാപകർ ഇത്തരം കുട്ടികളെ പ്രത്യേകം നിരീക്ഷിക്കുകയും കൂടുതൽ ശ്രദ്ധയും പരിചര ണവും നൽകുകയും ചെയ്യുന്നു. കൂടാതെ സഹപാഠികളുടെ സ്നേഹവും കരുതലും അവർക്ക് ലഭ്യമാകുന്നു. തോട്ടപ്പ ള്ളിയിൽ വച്ച് നടത്തിയ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടി കളുടെ പരിപാടിയിൽ സ്കൂളിൽ നിന്നും കുട്ടികൾ പങ്കെടു ക്കുകയും സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തു.

വിദ്യാരംഗം കലാസാഹിത്യവേദിയുടെ പ്രവർത്തനം സ്കൂളിൽ നല്ല രീതിയിൽ നടക്കുന്നു. സാഹിത്യക്വിസ്, കവി പരിചയം, സാഹിത്യകാരന്മാരെ പരിചയപ്പെടുത്തുക, മറ്റ് ദിനാ ചരണങ്ങൾ നടത്തുക, പതിപ്പുകൾ തയ്യാറാക്കുക, തുടങ്ങി

കുട്ടികളുടെ സാഹിത്യാഭിരുചി വളർത്തേണ്ട പ്രവർത്തനങ്ങൾ നടത്തിവരുന്നു.

വൃത്തിയുള്ളതും പോഷകസമൃദ്ധവുമായതുമായ ഭക്ഷണം അത് പാകം ചെയ്യുന്നതിലെ വൈദഗ്ധ്യവും, വൃത്തിയും ഭക്ഷണത്തിന്റെ രുചി വർദ്ധിപ്പിക്കുന്നു. പ്രസിദ്ധീകരിച്ച മെനുവിലൂടെ ഭക്ഷണസാധനങ്ങളുടെ കൃത്യമായ വിവരം ലഭ്യമാക്കുന്നു. അടച്ചുറപ്പുള്ളതും വായുസാഞ്ചാരമുള്ളതുമായ അടുക്കളും തൊപ്പിയും കോട്ടും ധരിച്ച പാചക തൊഴിലാളിയും ഇവിടുതെ പ്രത്യേകതയാണ്. അടുക്കളയ്ക്ക് സമീപത്തായി ഒരു ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിക്കുന്നു. വൃത്തിയുള്ള പാത്രങ്ങളിൽ അദ്ധ്യാപകർ ഭക്ഷണം വിളമ്പി നൽകുകയും പാഴാക്കിക്കളയാതിരിക്കാൻ പ്രത്യേകം നിർദ്ദേശം നൽകാറുണ്ട്.

എല്ലാ അധ്യയന വർഷവും വിനോദവും വിജ്ഞാനപ്രദവുമായ പഠനയാത്ര സംഘടിപ്പിക്കുന്നുണ്ട്.

കുട്ടികളുടെ പഠന നിലവാരം വിലയിരുത്തുവാനും യൂണിറ്റ്തല അവലോകനവും മറ്റ് പ്രവർത്തനങ്ങളും നടത്തുന്നതിനുമായി എസ്.ആർ.ജി യോഗങ്ങൾ മാസത്തിൽ 2, 4, വെള്ളിയാഴ്ചകളിൽ വൈകുന്നേരം 4 മുതൽ 5 വരെ നടത്തിവരുന്നു. സ്കൂൾ വികസനം കുട്ടികളുടെ പാഠ്യേതരവിഷയങ്ങളിലുള്ള മികവ് എന്നിവ വിലിരുത്തി തുടർന്നുള്ള ക്ലാസ് പി.റ്റി.എ.യിൽ ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. തുടർന്നുള്ള അഭിപ്രായങ്ങൾ സ്കൂളിൽ പ്രാവർത്തികമാക്കുകയും ചെയ്യുന്നു.

## നിലവിലെ അവസ്ഥ അദ്ധ്യാപകരുടെ എണ്ണം

| | |
|---|---|
| എച്ച്.എം. | - 1 |
| യു.പി.എസ്.എ. | - 2 |
| എൽ.ജി.എച്ച് (പാർട്ട്ടൈം) | - 1 |
| ആകെ | - 4 |

മൂന്ന് വർഷത്തിൽ കൂടുതൽ ഇതേ വിദ്യാലയത്തിൽ

പ്രവർത്തിക്കുന്നവരുടെ എണ്ണം - 3

## അക്കാദമികം

| പ്രവർത്തനം/പ്രവർത്തന രീതി | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|
| ഭാഷാപഠനം | 1 വർഷം | ക്ലാസ് ടീച്ചർ | |
| ക്ലാസ് ലൈബ്രറി | 1 വർഷം | ക്ലാസ് ടീച്ചർ | |
| വായന, എഴുത്ത് | 1 വർഷം | ക്ലാസ് ടീച്ചർ | |
| അടിസ്ഥാന ഗണിത ശേഷികൾ | 1 വർഷം | ഗണിത അദ്ധ്യാകർ | |
| ക്ലബ്ബുകൾ | 1 വർഷം | ക്ലാസ് കൺവീനർ | |
| എസ്.ആർ.ജി | മാസത്തിൽ 2 തവണ | എസ്.ആർ.ജി കൺവീനർ | |

## അക്കാദമിക വിഭവങ്ങൾ

| | |
|---|---|
| ലൈബ്രറിയിൽ ഉള്ള പുസ്തകങ്ങളുടെ എണ്ണം | - 1500 |
| കംപ്യൂട്ടർ | - 3 |
| ശാസ്ത്ര ഉപകരണങ്ങൾ | - ആവശ്യത്തിന് |
| കളി ഉപകരണങ്ങൾ | - ആവശ്യത്തിന് |
| ബ്ലാക്ക് ബോർഡ് | - 6 |
| ബഞ്ച്, ഡസ്ക് | - എല്ലാ കുട്ടികൾക്കും |

# വിദ്യാലയത്തിലെ അക്കാദമിക അവസ്ഥ

1. **കുട്ടികളുടെ പഠന നിലവാരം.**

പഠന നിലവാരത്തിൽ കുട്ടികൾ പൊതുവെ മികവ് നേടിയിട്ടുണ്ട്. അഞ്ചാം തരം മുതൽ തന്നെ ഇംഗ്ലീഷ് പഠനത്തിനായി പ്രത്യേക പാക്കേജുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. പിന്നോക്കക്കാരായ കുട്ടികളുടെ അവസ്ഥ മെച്ചപ്പെടുത്താൻ അവർക്ക് പ്രത്യേക ക്ലാസുകൾ നൽകുന്നു. ക്ലാസ്സ് റൂം പ്രവർത്തനങ്ങളിലെ peer group formation, group study തുടങ്ങിയ തന്ത്രങ്ങൾ ഫലപ്രദമാണെന്ന് തെളിഞ്ഞിട്ടുണ്ട്. വായനയിലും ലേഖനത്തിലും ഇവിടുത്തെ കുട്ടികൾ മികവ് പുലർത്തുന്നു.

2 **പഠന പ്രവർത്തനങ്ങൾ**

കുട്ടികളുടെ പഠന സമയം പരമാവധി നഷ്ടപ്പെടാതിരിക്കത്തക്കവണ്ണമാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്. ഇതോടൊപ്പം വിഷയാടിസ്ഥാനത്തിൽ പ്രത്യേക പഠന ക്ലാസുകളും പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നത് കുട്ടികൾക്ക് പഠനം രസകരമാക്കുന്നു. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് തുടർ പ്രവർത്തനങ്ങൾ നടത്താറുണ്ട്. അധിക വായന, ലേഖനം, നിരിക്ഷണം ഇവയ്ക്ക് ഈ പ്രവർത്തനങ്ങൾ സഹായകമാകുന്നു. കുട്ടികളുടെ ഉല്പന്നങ്ങൾ CPTAകളിൽ രക്ഷിതാക്കളെ ബധ്യപ്പെടുത്താൻ ശ്രദ്ധിക്കാറുണ്ട്. കുട്ടികളുടെ ഭാഷാശേഷികൾ മികവുറ്റതാക്കുന്നതിനും ഭാഷാ അഭിരുചി വർദ്ധിപ്പിക്കുന്നതിനുമായി ക്യാമ്പുകൾ പോലുള്ള പരിപാടികൾ സംഘടിപ്പിക്കുന്നു.

## പ്രശ്നങ്ങൾ വെല്ലുവിളികൾ

പി.റ്റി.എ. യോഗങ്ങളിലുള്ള രക്ഷാകർത്താക്കളുടെ അഭാവം, കുട്ടികൾ കൃത്യമായി ക്ലാസിൽ ഹാജരാകാതിരിക്കുക, ഇത്തരുണത്തിൽ ഒരു പറ്റം രക്ഷാകർത്താക്കൾ കാണിക്കുന്ന വിമുഖത, സ്കൂളിനു മുന്നിലെ കെട്ടിക്കിടക്കുന്ന വെള്ളം, ഉയർത്തിയ റോഡ്, കളി ഉപകരണങ്ങളുടെ അഭാവം എന്നിവ വിദ്യാലയം നേരിടുന്ന വെല്ലുവിളികളാണ്. സർക്കാർ തലത്തിൽനിന്നും കൂടിതൽ പരിഗണന ലഭിച്ചാൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനും അതിലൂടെ അക്കാദമിക നിലവാരം ഉയർത്തുവാനും സാധിക്കുമെന്നതിൽ സംശയമില്ല. ഫീഡിംഗ് സ്കൂളുകളിലെ കുട്ടികളുടെ കുറവ്.

## പദ്ധതി രൂപീകരണ പ്രക്രിയ

സ്കൂൾ വികസനത്തിനായുള്ള പദ്ധതികൾ രൂപീകരിച്ച് പ്രാവർത്തികമാക്കുന്നതിൽ പഞ്ചായത്ത്, പി.റ്റി.എ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ പര്യാപ്തമായ സഹായ സഹകരണങ്ങൾ സ്കൂളിന് ലഭിക്കുന്നുണ്ട്.

## മേഖല - അക്കാദമികം

### ഉപമേഖല - വായന-വായനയുടെ സ്വർഗം

1. രാവിലെയും വൈകിട്ടും ഉച്ചസമയത്തുമുള്ള ഇടവേളകളിലും ലൈബ്രറി പീരിഡുകളിലും കുട്ടികൾ റീഡിംഗ് റൂം ഉപയോഗിക്കുന്നു.
2. വായിച്ച പുസ്തകങ്ങളിലെ ആകർഷണീയ ഭാഗങ്ങൾ കൂട്ടുകാരുമായി പങ്കുവെയ്ക്കൽ, വായനാക്കുറിപ്പ് കൈമാറി വായിക്കൽ.
3. പുസ്തക കൈമാറ്റത്തിന് പ്രത്യേക രജിസ്റ്റർ
4. സംഗീത, ചിത്രരചനാ പരിശീലനം നൽകൽ
5. സ്കൂൾ അസംബ്ലിയിൽ ഇംഗ്ലീഷ് പദപരിചയം, ഹിന്ദി പദപരിചയം, പുസ്തക അവലോകനം.
6. ശാസ്ത്ര, ഗണിതശാസ്ത്ര അസംബ്ലികൾ
7. വെള്ളിയാഴ്ചകളിലെ ഹിന്ദി അസംബ്ലി
8. പഠനോപകരണ നിർമ്മാണ ശിൽപ്പശാല

### ഉപമേഖല - ആശയ വിനിമയശേഷി വികാസം- ഫലപ്രദമായ ആശയ വിനിമയം ഭാഷാ ക്ലബ്ബിലൂടെ

1. മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിലുള്ള ക്രിയാത്മകമായ പ്രവർത്തനങ്ങൾ.
2. കുട്ടികളുടെ സർഗശേഷി വളർത്താനും അവരിലെ നന്മയും പുത്തൻ ചിന്തകളും തിരിച്ചറിയാനും അവസരം.

3. കുട്ടികളുടെ ആത്മവിശ്വാസവും കൂട്ടായ്മയും വളർത്താൻ സഹായിക്കുന്നു.

4. ഭാഷാ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ഇംഗ്ലീഷ്, ഹിന്ദി, മലയാളം ഭാഷകളിലുള്ള അസംബ്ലി.

**ഉപമേഖല - പിന്നാക്കാവസ്ഥ പരിഹരിക്കൽ (ഒപ്പം ഒപ്പത്തിനൊപ്പം)**

1. പഠന പിന്നാക്കാവസ്ഥക്കുള്ള പരിഹാരബോധനം.

2. മൂന്ന് ഭാഷകളിൽ എഴുതുവാനും വായിക്കുവാനും പിന്നാക്കം നിൽക്കുന്ന കുട്ടികളേയും ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളേയും മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനായി എല്ലാ ദിവസവും ഒരു മണിക്കൂർ പരിഹാര പ്രവർത്തനം.

3. കുട്ടികൾക്ക് വ്യക്തിഗത പിന്തുണ ഉറപ്പാക്കുന്നു

**ഉപമേഖല - ദിനാചരണങ്ങൾ**

1. ദേശീയദിനാഘോഷങ്ങൾ ജനപ്രതിനിധികളുടേയും രക്ഷിതാക്കളുടേയും സാന്നിദ്ധ്യത്തിൽ

2. അദ്ധ്യാപകരുടെയും കുട്ടികളുടെയും പൂർണ്ണപങ്കാളിത്തം.

**ഉപമേഖല - മേളകളിൽ മികവ്**

1. സ്കൂൾ മേളകൾ-ശാസ്ത്രം, സാമൂഹ്യശാസ്ത്രം,ഗണിതം, ഐ.ടി, പ്രവർത്തി പരിചയം എന്നിവ വിവിധ വിഭാഗങ്ങളിലായി സംഘടിപ്പിച്ചു.

2. ഉപജില്ലയിലും, ജില്ലയിലും, സംസ്ഥാനത്തിലും നടന്ന മേളകളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കി.

## മേഖല - ഭൗതികം

### ഉപമേഖല - പോഷകാഹാരം, വിതരണം, ഊട്ടുപുര

1. പ്രസിദ്ധീകരിച്ച മെനു
2. ബയോഗ്യാസ് പ്ലാന്റ്
3. മിക്സി, കുക്കർ, പൈപ്പ് കണക്ഷൻ
4. സ്കൂൾ പച്ചക്കറിത്തോട്ടം
5. പുറത്തുനിന്നും വാങ്ങുന്ന പച്ചക്കറികൾ അര മണിക്കൂർ ഉപ്പും മഞ്ഞൾപ്പൊടിയും കലർത്തിയ വെള്ളത്തിൽ ഇട്ടുവെയ്ക്കും.
6. ടംബ്ലറുകളിൽ ജലംനിറച്ച് വരാന്തയിൽ ജലലഭ്യത
7. വിളമ്പലിന് അധ്യാപക, വിദ്യാർത്ഥി കൂട്ടായ്മ
8. അമ്മമാരുടെ സാന്നിദ്ധ്യം പാചകത്തിലും വിളമ്പിലും
9. അദ്ധ്യാപകരും കുട്ടികളും ഒരുമിച്ചിരുന്ന് ആഹാരം കഴിക്കുന്നു.
10. കോട്ടും തലയിൽ തൊപ്പിയും ധരിക്കുന്ന പാചക തൊഴിലാളികൾ
11. കാറ്റും വെളിച്ചവും കടക്കുന്ന വൃത്തിയുള്ള അടുക്കള
12. ആധുനിക സൗകര്യങ്ങളുള്ള സ്റ്റോർമുറി

### ഉപമേഖല - കായിക വിദ്യാഭ്യാസ സൗകര്യം

1. കായിക പീരിഡുകൾ ഗ്രൗണ്ടിൽ
2. സ്കൂൾ അസംബ്ലിയിൽ നടത്തുന്ന ലഘുകായിക പരിശീലനം

### ഉപമേഖല - സ്കൂൾ ആകർഷകത്വം

1. കമനീയമായ ആർച്ചുബോർഡ് എന്നിവയോടുകൂടിയ പ്രവേശന കവാടം
2. മതിലുകൾ ഉയരത്തിൽ കെട്ടിപ്പൊക്കി ആകർഷകമായ പെയിന്റടിച്ച ചുറ്റുമതിൽ
3. എല്ലാ ക്ലാസുകളിലും ചുവരിൽ സ്ഥിരമായ ബ്ലാക്ക്ബോർഡ്
4. എല്ലാ ക്ലാസുകളിലും ഫാനും ലൈറ്റും
5. ലാബ് നവീകരണം, പൊട്ടിപ്പൊളിഞ്ഞ അവസ്ഥമാറ്റി പാഴ് വാസ്തുക്കൾ നീക്കം ചെയ്ത് സജീവമാക്കി ശാസ്ത്രക്ലാസുകൾ ലാബിൽ നടത്തുന്നു.

6. കംപ്യൂട്ടർ ലാബ് നവീകരണം
7. ലൈബ്രറി വികസനം
8. ശാസ്ത്ര ഗണിത ശാസ്ത്രലാബ് നവീകരണം.
9. വരാന്തകളിൽ വേസ്റ്റ്ബിൻ
10. പ്ലാസ്റ്റിക്രഹിത വിദ്യാലയം
11. കുടിവെള്ള പാത്രങ്ങളും, പ്ലേറ്റുകളും, ഗ്ലാസുകളും.
12. സ്കൂൾ ഗ്രൗണ്ട് നവീകരണം, കളി ഉപകരണങ്ങൾ
13. സ്കൂൾ പരിസരത്തെ ജൈവ വൈവിധ്യ ഉദ്യാനം

## ഉപമേഖല - വിദ്യാലയ പരിസരം

1. വിദ്യാലയ മുറ്റത്തെ വൃക്ഷങ്ങൾ തിരിച്ചറിയൽ, വൃക്ഷങ്ങളുടെ നാടൻപേരും, ശാസ്ത്രനാമവും ചേർത്ത് വിദ്യാലയ പരിസരത്തെ എല്ലാ വൃക്ഷങ്ങൾക്കും നാമകരണം ഇതിനായി ജൈവവൈവിധ്യ രജിസ്റ്റർ.
2. ജൈവവൈവിധ്യ രജിസ്റ്റർ
3. ഔഷധോദ്യാനം-ഔഷധ സസ്യങ്ങളെ സംരക്ഷിക്കുന്നു.
4. പരിസ്ഥിതി ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ലഹരി വിരുദ്ധ ക്ലബ്, കൃഷി ക്ലബ് എന്നിവയുടെ പ്രവർത്തനങ്ങൾ ബന്ധിപ്പിക്കൽ
5. അൻപതോളം ഗ്രോബാഗുകളിൽ വിവിധ പച്ചക്കറികൃഷി ചെയ്യുന്നു.

## ഉപമേഖല - ശുചിത്വം

1. ക്ലാസ് മുറികൾക്ക് പുറത്ത് വെയ്റ്റ്ബിൻ
2. എല്ലാ ദിവസവും മാലിന്യസംസ്കരണം
3. ടോയ്ലെറ്റുകളുടെ ശുചിത്വം അദ്ധ്യാപകർ പരിശോധിക്കുന്നു.
4. ജലസേചനസൗകര്യമുള്ള ശുചിമുറി
5. വാട്ടർ പ്യൂരിഫെയർ ഉപയോഗിക്കുന്നു. തിളപ്പിച്ചാറ്റിയ വെള്ളത്തിന്റെ ലഭ്യത
6. കൃഷിപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് കഴിയുമ്പോൾ സോപ്പ് ഉപയോഗിച്ചുള്ള കൈകഴുകൽ.

## വിഷയം തിരിച്ചുള്ള പ്രശ്നപരിഹാരം

1. ഇംഗ്ലീഷ് പഠനം

* ലക്ഷ്യങ്ങൾ

ഇംഗ്ലീഷ് അനായാസം കൈകാര്യം ചെയ്യുവാനുള്ള കഴിവ് വിദ്യാർത്ഥികളിൽ ഉണ്ടാക്കിയെടുക്കുക.

### പ്രവർത്തനങ്ങൾ

- English Assembly
- Spoken English training
- English പദപരിചയം
- English Camp
- English Book review
- Supply English Newspaper each classroom
- Conduct English drama on each unit in English
- Through for the bay in English
- English Video presentation / Speech on current affairs
- English Fest
- Conduct quiz programmes in English language
- Role play in English
- English Typing.

## 2. മലയാള പഠനം

**ലക്ഷ്യങ്ങൾ**

* മാതൃഭാഷയെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുവാനുള്ള കഴിവുള്ളവരായി വിദ്യാർത്ഥികളെ മാറ്റിയെടുക്കുക.

* മാതൃഭാഷ തെറ്റുകൂടാതെ എഴുതുവാനും വായിക്കുവാനും കഴിവുള്ളവരാക്കുക.

**പ്രവർത്തനങ്ങൾ**

- മലയാളം എഴുതുവാനും വായിക്കാനുനുള്ള കഴിവ്
- മലയാളം മധുരം പദ്ധതി
- മലയാളം പതിപ്പ് നിർമ്മാണവും, എഡിറ്റിംഗും
- മലയാള പത്രം എല്ലാ ക്ലാസിലും
- ചിന്താവിഷയം, മഹത്വചനം തുടങ്ങിയവ മലയാളത്തിൽ അവതരിപ്പിക്കുന്നു.
- മലയാളം കവിപരിചയം
- ഉപന്യാസ മത്സരം, കഥാരചന, കവിതാ രചന, മത്സരങ്ങൾ സംഘടിപ്പിക്കുക.
- അഭിമുഖം, സംഭാഷണം തുടങ്ങിയ പ്രവർത്തനങ്ങൾ കുട്ടികളെകൊണ്ട് ചെയ്യിക്കുന്നു.
- ഓരോ യുണിറ്റിനുശേഷം നാടകം സംഘടിപ്പിക്കുക.
- മലയാള സമാജം
- മലയാളം ടൈപ്പിംഗ്
- ഭാഷാ പിന്നാക്കാവസ്ഥ പരിഹാരം

3. **ഗണിത പഠനം**

**ലക്ഷ്യങ്ങൾ**

* ഒരു കുട്ടിപോലും ഗണിതത്തിൽ പിന്നിലാവാതിരിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നു.

**പ്രവർത്തനങ്ങൾ**

- ഗണിതം ലളിതം പദ്ധതി
- ഗണിതലാബ്
- ഗണിതകിറ്റ്
- ഗണിതമേള
- ജ്യാമിതിരുപ നിർമ്മാണം
- ഗണിതം ജീവിതത്തിൽ (നിത്യേന വീടുകളിൽ വാങ്ങുന്ന സാധനങ്ങളുടെ കണക്കുകൾ അമ്മമാരുടെ സഹായത്തോടെ കണ്ടെത്തുക)
- ഗണിത ക്വിസ്
- ഗണിത ശാസ്ത്രജ്ഞന്മാരെ അറിയുക
- ഗണിതപതിപ്പ് നിർമ്മാണം
- ഗണിത പഠനക്കൂട്ടായ്മ (ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ സഹായിക്കുന്ന രീതി)

## 4. ശാസ്ത്രം /ലാബ്/പരീക്ഷണം

<u>ലക്ഷ്യങ്ങൾ</u>

* കുട്ടിശാസ്ത്രജ്ഞന്മാരെ വളർത്തിയെടുക്കുക കുട്ടികളിൽ ശാസ്ത്രം പ്രക്രിയശേഷി വികസിപ്പിക്കുക.

<u>പ്രവർത്തനങ്ങൾ</u>

- ശാസ്ത്രലാബ്
- ശാസ്ത്രകിറ്റ്
- ശാസ്ത്രമേള
- ശാസ്ത്രോത്സവം
- ശാസ്ത്രപരീക്ഷണങ്ങൾ സ്കൂളിൽ
- ശാസ്ത്രജ്ഞന്മാരെ അറിയുക
- ശാസ്ത്ര പഠനയാത്ര
- ശാസ്ത്ര പ്രദർശനം
- പരിണോത്സവം സംഘടിപ്പിക്കുക
- ശാസ്ത്ര അസംബ്ലി
- ശാസ്ത്ര വാർത്തകൾ
- ശാസ്ത്ര പരീണ പതിപ്പ് നിർമ്മാണം
- ശാസ്ത്രക്വിസ്

5. **കംപ്യൂട്ടർ വിദ്യാഭ്യാസം**

**ലക്ഷ്യങ്ങൾ**

* ആധുനിക സാങ്കേതിക വിദ്യയിൽ വിദ്യാലയത്തിലെ ഒരു കുട്ടി പോലും പിന്നിലാകില്ല എന്ന് ഉറപ്പുവരുത്തുന്നു.
* ഐ.സി.റ്റി. ഉപയോഗിച്ചുള്ള പഠനം

**പ്രവർത്തനങ്ങൾ**

- കംപ്യൂട്ടർ ലാബ്
- എല്ലാ അധ്യാപകരേയും കംപ്യൂട്ടർ ഉപയോഗിക്കാൻ കഴിവുള്ളവരാക്കുക.

**പഠനയാത്ര**

എല്ലാകുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കി അക്കാദമിക മികവിനായി എല്ലാവർഷവും പഠനയാത്രകൾ നടത്തുന്നതാണ്.

- പഠനയാത്രയിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കുക.
- പാഠ്യപദ്ധതിയിലെ സാധ്യതകൾ ഉറപ്പാക്കി പഠനയാത്ര, ഫീൽഡ് ട്രിപ്പ് എന്നിവ ലിസ്റ്റ് ചെയ്യുക.
- എല്ലാ കുട്ടികളും പോകുന്ന സ്ഥലത്തേക്കുറിച്ച് അധ്യാപികയുടെ സഹായത്തോടെ വിവരം ശേഖരിക്കുക.
- വിവിധ വിഷയാടിസ്ഥാനത്തിലുള്ള പഠനയാത്ര സംഘടിപ്പിക്കുക.
- പഠനയാത്രയ്ക്കുശേഷം യാത്രാവിവരണ റിപ്പോർട്ട് തയ്യാറാക്കുക.
- പഠനയാത്ര, ഫീൽഡ്ട്രിപ്പ് അനുഭവങ്ങൾ മറ്റ് ക്ലാസുകളുമായി പങ്കുവെയ്ക്കുക.

## മേഖല - സാമൂഹികം

### ഉപമേഖല - ക്ലാസ് പി.ടി.എ

1. ഓരോ മാസത്തിലും ക്ലാസ് പി.ടി.എ.
2. പി.ടി.എ. പ്രസിഡന്റ്, ക്ലാസ് പി.ടി.എ. പ്രസിഡന്റ്, പ്രഥമാധ്യാപകൻ, അധ്യാപകൻ എന്നിവരുടെ നേതൃത്വത്തിലാണ് ക്ലാസ് പി.ടി.എ.
3. ക്ലാസ് പി.ടി.എ.യിൽ പ്രോഗ്രസ് കാർഡ് വിതരണം.
4. കുട്ടികളുടെ കലാ-കായിക-സ്വഭാവ രൂപീകരണ മേഖലകളിലെ സമഗ്രമായ വികസനത്തിന് ക്ലാസ് പി.ടി.എ.യിൽ ഊന്നൽ
5. ഓരോ രക്ഷിതാവിനും തന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പറയാൻ ക്ലാസ് പി.ടി.എ.യിൽ അവസരം.
6. രക്ഷിതാക്കളുടെ നിരന്തരമായ വിദ്യാലയ സന്ദർശനങ്ങൾ
7. അദ്ധ്യാപക-അനദ്ധ്യാപക പൂർവ്വ വിദ്യാർത്ഥികളുടെ കൂട്ടായ്മയും പിന്തുണയും.

### ഉപമേഖല - സ്കൂൾ വാർഷികാഘോഷം

1. കുട്ടികളുടെ കലാപരിപാടികൾ, കായികമത്സരങ്ങൾ

## പരീക്ഷ/നിരന്തര വിലയിരുത്തൽ

### ലക്ഷ്യങ്ങൾ

1. കുട്ടിയുടെ പഠനനേട്ടം കൃത്യമായി നിർണ്ണയിക്കുകയും രക്ഷിതാക്കളെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നതിന്.
2. പരിഹാരപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് പഠനപിന്നാക്കാവസ്ഥ പരിഹരിക്കുക.

### പ്രവർത്തനങ്ങൾ

1. ഓരോ ക്ലാസിലും ഓരോ യൂണിറ്റിലും കുട്ടി നേടേണ്ട ആശയങ്ങൾ, ശേഷികൾ എന്നിവ മുൻകൂട്ടി അധ്യാപിക തയ്യാറാക്കി രക്ഷിതാക്കളെ അറിയിക്കണം. അത് നേടാനുള്ള ക്ലാസ്റൂം പ്രവർത്തനങ്ങൾ രക്ഷിതാവ് എങ്ങനെ കുട്ടിയെ സഹായിക്കണം എന്നും പറയണം.
2. ടീച്ചിംഗ് മാന്വലിൽ നിരന്തര വിലയിരുത്തൽ സാധ്യതകൾ രേഖപ്പെടുത്തണം.
3. പ്രതികരണപ്പേജിലെ രേഖപ്പെടുത്തലിന്റെ തുടർച്ചയായി പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.
4. ഓരോ യൂണിറ്റ് കഴിയുമ്പോഴും യൂണിറ്റ് ടെസ്റ്റ് നടത്തി ക്ലാസുകൾ മോണിട്ടർ ചെയ്ത് മെച്ചപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങൾ നൽകണം.
5. നിരന്തര വിലയിരുത്തൽ ഫലങ്ങൾ എസ്.ആർ.ജി.യിൽ ചർച്ചചെയ്യണം.
6. പ്രഥമാധ്യാപിക സൂചകങ്ങൾ വച്ച് അധ്യാപകരുടെ ക്ലാസുകൾ മോണിട്ടർ ചെയ്ത് മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ നൽകണം.
7. ടേം മൂല്യനിർണയ ഫലങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്യണം.
8. പിന്നാക്കവസ്ഥ പരിഹരിക്കുന്നതിനായി വർക്ക്ഷീറ്റുകളുടെ സാധ്യത പ്രയോജനപ്പെടുത്തണം.

9. നിരന്തരവിലയിരുത്തൽ, ഇടപെടൽ മേഖല നിശ്ചയിക്കൽ, പരിഹാര പ്രവർത്തനങ്ങൾ,ഉണ്ടായമെച്ചം എന്നിവ ക്ലസ്റ്റർ യോഗങ്ങളിലും പ്രധ മാധ്യപക പരിശീലനങ്ങളിലും പങ്കുവെയ്ക്കുന്നു.

10. നോട്ട് ബുക്ക്/പോർട്ട് ഫോളിയോ കുട്ടികളുടെ വളർച്ചയെ ബോധ്യപ്പെ ടുത്തുന്ന തരത്തിൽ ചിട്ടപ്പെടുത്തുകയും സമഗ്രമാക്കുയും ചെയ്യണം.

11. എല്ലാ കുട്ടികളുടേയും നോട്ടുബുക്ക് മറ്റ് ഉൽപ്പന്നങ്ങൾ എന്നിവ ക്ലസ് പി.റ്റി.എ.യിൽ പ്രദർശിപ്പിക്കണം.

12. വൈജ്ഞാനിക മേഖലയെപ്പോലെ സർവ്വവൈജ്ഞാനിക മേഖലയ്ക്കും ഊന്നൽ നൽകണം. കുട്ടികളുടെ ആ മേഖലയിലെ കഴിവുകൾ അംഗീ കരിക്കണം.

# അവലോകനം

അക്കാദമിക് മാസ്റ്റർപ്ലാനോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾ സമയ ബന്ധിതമായും കൃത്യമായും നടക്കുന്നുണ്ടോയെന്നും നടന്ന പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി എത്രത്തോളം ഉണ്ടെന്നും മൂന്നുമാസത്തിലൊരിക്കൽ വിലയിരുത്തുന്നു. എസ്.ആർ.ജി-യിൽ ചർച്ച ചെയ്യുന്നു. ആവശ്യമായ മാറ്റങ്ങൾ എസ്.ആർ.ജി യോഗങ്ങളിൽ ചർച്ച ചെയ്ത് തീരുമാനിക്കുന്നു.

പി.റ്റി.എ. പ്രസിഡന്റ്

എച്ച്.എം

ELIZABETH GREETA.C
HEADMISTRESS
ST. JAMES UPS
KARUVATTA - 690517
PEN: 628132

ST. JAMES UPS
School Code
35343
KARUVATTA-690517

എസ്.ആർ.ജി കൺവീനർ

## ഉപസംഹാരം

ഒരു വിദ്യാഭ്യാസ സ്ഥാപനം ഭാവിയിൽ എന്തായിത്തീരണം എന്നതിനെ ലക്ഷ്യംവച്ചുകൊണ്ടുള്ള ഈ പദ്ധതി അതിന്റെ ലക്ഷ്യം നേടണമെങ്കിൽ അദ്ധ്യാപകരും പൊതുസമൂഹവും ഒന്നിച്ച് നീങ്ങണം. കാലോചിതമായ തിരുത്തലുകൾ ഈ പദ്ധതിയിൽ ഉൾക്കൊള്ളിക്കുകയും അവ നടപ്പിൽ വരുത്തുകയും ചെയ്യണം. ഇവയെല്ലാം പൊതുവിദ്യാഭ്യാസ രംഗത്തെ ശക്തിപ്പെടുത്തുവാൻ ഉതകുന്നത് ആയിത്തീരട്ടെ.

ST. JAMES UPS School Code 35343 KARUVATTA-690517

ELIZABETH GREETA.C
HEADMISTRESS
ST. JAMES UPS
KARUVATTA - 690517
PEN: 628132